(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടിക വർഗ്ഗക്കാരുടെ ഭവന നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

ഗോത്രവർഗ്ഗവിഭാഗങ്ങളുടെ പാരമ്പര്യതനിമ നിലനിർത്തുന്നതിന് നടപടി

25 (*203) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗവിഭാഗങ്ങളുടെ പാരമ്പര്യതനിമയും സാംസ്കാരിക രീതികളും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വനാന്തരങ്ങളിൽ കൂട്ടായി അധിവസിക്കുന്ന ഗിരിവർഗ്ഗ-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യതനിമയും സാംസ്ക്കാരിക രീതികളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽമാത്രം പ്രചാരത്തിലുള്ള പാരമ്പര്യചികിത്സാ രീതികൾ പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസി ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നല്കി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ആദിവാസി-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരിക തനിമ നിലനിർത്തുന്നതിന് സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നല്കുന്ന പദ്ധതിക്ക് രൂപം നല്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഗോത്രവർഗ്ഗ സമുദായങ്ങളുടെ ഭൗതികസംസ്ക്കാരം സംബന്ധിച്ച് വസ്തുക്കൾ ശേഖരിച്ച് കിർട്ടാഡ്സ് സംസ്ഥാനത്ത് ഒരു മ്യൂസിയം സജ്ജമാക്കിയിട്ടുണ്ട്. ഗോത്രവർഗ്ഗക്കാരുടെ കലാപ്രാവീണ്യവും, കരകൗശല വസ്തു നിർമ്മാണ വൈദഗ്ദ്ധ്യവും പരിപോഷിപ്പിക്കുന്നതിനായി ആദികലാകേന്ദ്ര പ്രവർത്തനങ്ങൾ കിർട്ടാഡ്സ് സംഘടിപ്പിച്ച് പോരുന്നു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനാന്തരങ്ങളിൽ കൂട്ടായി അധിവസിക്കുന്ന ഗിരിവർഗ്ഗ-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യതനിമയും സാംസ്കാരിക രീതികളും സംരക്ഷിക്കുന്നതിനായി കേരളത്തിലെ ഗോത്രവർഗ്ഗക്കാരെക്കുറിച്ചുള്ള സാംസ്കാര പഠനങ്ങൾ നടത്തിവരികയാണ്.

(സി&ഡി) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ചികിത്സാരീതികളുടെ ക്രോഡീകരണം കിർട്ടാഡ്സ് നടത്തിവരുന്നു. 80-ൽപരം ഗോത്രവർഗ്ഗ ചികിത്സകരെ ഇതിനോടകം കണ്ടെത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ 7500 രൂപ വീതം 50 പ്രധാന വംശീയ ചികിത്സകൾക്ക് വാർഷിക ഗ്രാന്റ് നല്കുകയുണ്ടായി. കഴിഞ്ഞ ഏഴ് വർഷങ്ങളിലും വംശീയവൈദ്യരുടെ സംസ്ഥാനതല ശില്പശാല കിർട്ടാഡ്സ് സംഘടിപ്പിക്കുകയും അവർക്ക് തങ്ങളുടെ ബൗദ്ധികജ്ഞാന സമ്പത്തിനെക്കുറിച്ചും അതിന്റെ സംരക്ഷണത്തിനുവേണ്ട നടപടികളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരിക തനിമ പരിപോഷണത്തിന് വേണ്ടി കിർട്ടാഡ്സ് ആദികലാഗ്രാമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മുഖ്യകലാകാരന്മാർ, കലാകാരികൾ, കരകൗശല വിദഗ്ദ്ധർ, പാരമ്പര്യസംഗീതജ്ഞർ, പ്രധാന ഗോത്രവർഗ്ഗ കലാസമിതികൾ തുടങ്ങിയവയ്ക്ക് വാർഷിക ഗ്രാന്റ് നല്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണത്തിന് ലോകബാങ്ക് ധനസഹായം

26 (*204) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണത്തിന്റേയും എൻവയൺമെന്റൽ സാനിറ്റേഷന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ലോകബാങ്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഏതെല്ലാം പദ്ധതികൾ ആണ് ഇതിനുപയോഗിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ പദ്ധതികൾക്ക് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കൺസൾട്ടന്റിന്റെ പ്രതിഫലം എത്രയാണ് ;

(എഫ്) കൺസൾട്ടന്റിനെ നിയമിക്കേണ്ട രീതി വിശദീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ജനപങ്കാളിത്തത്തോടെ ഗ്രാമീണശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മറ്റ് അനുബന്ധ പദ്ധതികൾക്കുമായി ലോകബാങ്കിൽ നിന്നും ഏകദേശം 65.5 മില്യൻ ഡോളർ (ഏകദേശം 300 കോടി രൂപ) സഹായം ലഭ്യമാക്കുന്നതിനുള്ള കരാർ 2001 ജനുവരി 4-ന് ഒപ്പു വച്ചു. ഇതുവരെ ധനസഹായം ഒന്നും ലഭിച്ചിട്ടില്ല. പണം ലഭിച്ചു തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly